**കേരള സർക്കാർ**

**സംഗ്രഹം**

ധനകാര്യ വകുപ്പ് - ശമ്പളപരിഷ്കരണം 2019 - തുറമുഖ വകുപ്പ് - വാനിഷിംഗ് കാറ്റഗറിയായി വെൽഡർ തസ്തിക വകുപ്പിന്റെ ഷെഡ്യൂളിൽ ഉൾപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

================================================================

**ധനകാര്യ (പേ റിവിഷൻ സെൽ-ബി) വകുപ്പ്**

**സ.ഉ.(കൈ) നം. 35/2025/(78)/ധന.** **തീയതി, തിരുവനന്തപുരം, 21/03/2025**

================================================================

**പരാമർശം:-** 1) സ.ഉ.(അച്ചടി) നം. 27/2021/ധന. തീയതി 10.02.2021

2) G.O.(Rt) No. 39/81/TF&PD dated 07.05.1981

3) സ.ഉ.(അച്ചടി) നം. 7/2016/ധന. തീയതി 20.01.2016

4) കേരള മാരിടൈം ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 30.11.2024 തീയതിയിലെ H0KMB-TVM/422/2023-B2 നമ്പർ കത്ത്.

**ഉത്തരവ്**

സംസ്ഥാന സർക്കാർ ജീവനക്കാരുടെയും അധ്യാപകരുടെയും ശമ്പളവും അലവൻസുകളും 01.07.2019 മുതൽ പരിഷ്കരിച്ച് പരാമർശം (1) പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു. അതിൽ തുറമുഖ വകുപ്പിന്റെ ഷെഡ്യൂളിൽ വെൽഡർ തസ്തിക ഉൾപ്പെടുത്തിയിട്ടില്ല. പരാമർശം (2) ഉത്തരവ് പ്രകാരം തുറമുഖ വകുപ്പിൽ സൃഷ്ടിച്ചിട്ടുള്ളതാണ് വെൽഡർ തസ്തിക. പത്താം ശമ്പളപരിഷ്കരണ ഉത്തരവിൽ ഉൾപ്പെട്ടതും, പതിനൊന്നാം ശമ്പളപരിഷ്കരണത്തിനുള്ള പ്രൊപ്പോസൽ സമർപ്പിച്ചതിൽ ഉൾപ്പെട്ടിട്ടുള്ളതുമായ വെൽഡർ തസ്തിക പതിനൊന്നാം ശമ്പളപരിഷ്കരണ ഉത്തരവിൽ ഉൾപ്പെടാതെ പോയതാണെന്നും, ആയതിനാൽ വെൽഡർ തസ്തിക പതിനൊന്നാം ശമ്പളപരിഷ്കരണ ഉത്തരവിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും

കേരള മാരിടൈം ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ പരാമർശം (4) പ്രകാരം ശിപാർശ സമർപ്പിച്ചിരുന്നു.

2) സർക്കാർ ടി വിഷയം വിശദമായി പരിശോധിച്ചു. പരാമർശം (3) പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള പത്താം ശമ്പളപരിഷ്കരണ ഉത്തരവിൽ തുറമുഖ വകുപ്പിനു കീഴിലെ ഡ്രെഡ്ജിങ്ങ് യൂണിറ്റിനു കീഴിൽ 18000-41500 എന്ന ശമ്പള സ്കെയിലിൽ ആയിരുന്നു വെൽഡർ തസ്തിക ഉൾപ്പെടുത്തിയിരുന്നത്. പതിനൊന്നാം ശമ്പള പരിഷ്കരണ കമ്മീഷന്റെ റിപോർട്ട് പ്രകാരം തുറമുഖ വകുപ്പിലെ ഡ്രെഡ്ജിങ്ങ് യൂണിറ്റ് മുഴുവനായി തന്നെ അബോളിഷ് ചെയ്തിട്ടുള്ളതിന്റെ അടിസ്ഥാനത്തിലാണ് ടി യൂണിറ്റിനു കീഴിലുള്ള തസ്തികകൾ പതിനൊന്നാം ശമ്പള പരിഷ്കരണ ഉത്തരവിൽ നിന്നും നീക്കം ചെയ്തിട്ടുള്ളത്. വെൽഡർ തസ്തിക പത്താം ശമ്പളപരിഷ്കരണ ഉത്തരവിൽ ഉൾപ്പെട്ടിരുന്ന തസ്തികയായതിനാലും, ടി തസ്തിക മെക്കാനിക്കൽ എഞ്ചിനീയറിംഗ് വർക്ക് ഷോപ്പുകളിൽ ഒഴിവാക്കാനാകാത്തതിനാൽ ആയത് വകുപ്പിൽ നിലനിർത്തിയിട്ടുണ്ട് എന്നും, നിലവിലുള്ള രണ്ട് Sanctioned Post -ലും റഗുലർ ജീവനക്കാരുണ്ടെന്നും, ടി ജീവനക്കാർ സർവ്വീസിൽ നിന്നും വിരമിക്കുന്ന മുറയ്ക്ക് ടി തസ്തികകൾ Vanishing Category ആകുന്നതാണ് എന്നും മാരിടൈം ബോർഡ് എക്സിക്യൂട്ടീവ് ഓഫീസർ അറിയിച്ചിരിക്കുന്ന സാഹചര്യത്തിലും, പരാമർശം (1) ഉത്തരവിലെ തുറമുഖവകുപ്പിന്റെ ഷെഡ്യൂളിൽ മെക്കാനിക്കൽ എഞ്ചിനീയറിംഗ് വിംഗിനു കീഴിൽ ചുവടെക്കൊടുക്കുന്ന പ്രകാരം വാനിഷിംഗ് കാറ്റഗറിയായി വെൽഡർ തസ്തിക ഉൾപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

| | തസ്തികയുടെ പേര് | നിലവിലെ ശമ്പളസ്കെയിൽ | പരിഷ്കരിച്ച ശമ്പളസ്കെയിൽ |
|---|---|---|---|
| @ | വെൽഡർ | 18000-41500 | 25100-57900 |

@ നിലവിൽ സേവനത്തിലുള്ള റഗുലർ ജീവനക്കാർ വിരമിക്കുന്നതു വരെ മാത്രം തസ്തിക നിലനിൽക്കുന്നതാണ്.

3) മേൽ ഭേദഗതികൾക്ക് 01.07.2019 മുതൽ പ്രാബല്യം ഉണ്ടായിരിക്കും. പരാമർശം (1) ഉത്തരവ് മേൽ ഭേദഗതികളോടെ നിലനിൽക്കുന്നതാണ്.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം

**അഹമ്മദ് കബീർ. വൈ**

**അഡീഷണൽ സെക്രട്ടറി**

പകർപ്പ്:

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് II), കേരള, തിരുവനന്തപുരം

പ്രിൻസിപ്പൽ സെക്രട്ടറി, മത്സ്യബന്ധന തുറമുഖ (ഡി) വകുപ്പ്

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കേരള മാരിടൈം ബോർഡ്, TC XXII 1666, (4&5), 1st floor, മുളമൂട്ടിൽ ബിൽഡിംഗ്, പൈപ്പിൻമൂട്, ശാസ്തമംഗലം, തിരുവനന്തപുരം

ട്രഷറി ഡയറക്ടർ, തിരുവനന്തപുരം

ചീഫ് പ്രോജക്ട് മാനേജർ, സ്പാർക്ക് പി.എം.യു

✓വെബ് & ന്യൂ മീഡിയ, വിവര-പൊതുജനസമ്പർക്ക വകുപ്പ്

നോഡൽ ഓഫീസർ, www.finance.kerala.gov.in

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി (**E-2436761**)

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ